**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 856** **14-01-2021 - ൽ മറുപടിയ്ക്ക്**

**തേക്കടി ആനവച്ചാൽ ചെക്ക് ഡാമും തോടും പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഇ. എസ്. ബിജിമോൾ | | **Shri. K Raju**<br>**(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)** | |
| (എ) | തേക്കടി ആനവച്ചാൽ ചെക്ക് ഡാമും തോടും മണ്ണടിഞ്ഞ് നികന്ന പോയതിനെ തുടർന്ന് കുമളി ടൗണിലും പരിസര ജനവാസ മേഖലയിലും മഴക്കാലങ്ങളിൽ വെള്ളക്കെട്ടുണ്ടായി നിരവധി ദിവസങ്ങളോളം ജനജീവിതം സ്തംഭിക്കുന്നതു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (എ) | തേക്കടി ആനവച്ചാൽ ചെക്ക്ഡാമും തോടും മണ്ണിടിഞ്ഞ് നികന്നുപോയതിനെ തുടർന്ന് കുമളി ടൗണിലും പരിസര ജനവാസ മേഖലയിലും മഴക്കാലങ്ങളിൽ വെള്ളക്കെട്ടുണ്ടായി നിരവധി ദിവസങ്ങളോളം ജനജിവിതം സ്തംഭിച്ചിട്ടില്ല. കുമിളിയിലെ വിവിധ ഹോട്ടലുകൾ, വ്യാപാര സ്ഥാപനങ്ങൾ, അറവുശാലകൾ എന്നിവിടങ്ങളിൽ നിന്നുമുള്ള മലിനജലവും പ്ലാസ്റ്റിക്ക് മാലിന്യങ്ങളുംകൊണ്ട് മലിനമായ ആനവച്ചാൽ തോടിന്റെ പുനർജ്ജീവനത്തിനായി പുനർജ്ജനി എന്ന പരിപാടി കുമളി ഗ്രാമപഞ്ചായത്ത്, ഹരിതകേരള മിഷൻ, റ്റി.ഡി.പി.സി (Tourism Development & Promotion Council) , എസ്.എച്ച്.ജി (Self Help Group), ശാസ്ത്രസാഹിത്യ പരിക്ഷത്ത്, ക്ലീൻ കുമളി, ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ, വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുമളിയിലെ മറ്റ് സന്നദ്ധ സംഘടനകൾ ഉൾപ്പെടെ 650-ഓളം വരുന്ന സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി പെരിയാർ കുടുവ സങ്കേതത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ